"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് ശമ്പള ചെലവുകൾക്കായി 2401-00-104-86-01-31-NV ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിച്ച തുക വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.326/2026/AGRI തീയതി,തിരുവനന്തപുരം, 18-03-2026

---

പരാമർശം:-

1. 25/04/2025 ലെ സ.ഉ.(സാധാ) നം.400/2025/അഗ്രി
2. 27/06/2025 ലെ സ.ഉ.(സാധാ) നം.651/2025/അഗ്രി
3. 25/08/2025 ലെ സ.ഉ.(കൈ) നം. 101/2025/അഗ്രി
4. 21/11/2025 ലെ സ.ഉ. (കൈ) 125/2025/അഗ്രി
5. 06/01/2026 ലെ സ.ഉ.(കൈ) നം.8/2026/അഗ്രി
6. 06/03/2026 തീയതിയിലെ എ-2360/2024/കെ.എസ്.എഫ്.ഡി.ആർ.സി. നമ്പർ കത്ത്.
7. ജി.ഒ.(ആർ.റ്റി) നം.2916/2026/ഫിൻ തീയതി 17/03/2026.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 സാമ്പത്തിക വർഷത്തിൽ 2401-00-104-86-(01)-31 (NP(V)) കണക്ക് ശീർഷകത്തിൽ ശമ്പളയിനത്തിലെ ചെലവുകൾക്ക് 131.84 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പരാമർശം 1 മുതൽ 4 വരെ സർക്കാർ ഉത്തരവുകൾ പ്രകാരം ശമ്പള ഇനത്തിലുള്ള ചെലവുകൾക്ക് നാല് ഗഡുക്കളായി 131.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2025-26 വർഷത്തെ ശമ്പള ചെലവുകൾക്കായി പരാമർശം (5) ലെ സർക്കാർ ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി 58,45,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

(2) ദിവസ വേതന ജീവനക്കാരുടെ 12/25 മുതൽ 03/26 വരെയുള്ള മാസങ്ങളിലെ വേതന വിതരണത്തിന് 18,00,000/- ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 02/2026, 03/2026 മാസങ്ങളിൽ വേതനം നൽകുവാൻ ആവശ്യമായ 8,43,000/- രൂപ കുറവ് ചെയ്ത് 12/25, 01/26 മാസങ്ങളിലെ വേതന വിതരണത്തിനുള്ള 9,57,000/- രൂപ അടക്കം ആകെ 58,45,000/- രൂപ മാത്രമാണ് അധിക തുക വകയിരുത്തൽ മുഖേന ശമ്പള ശീർഷകമായ 2401-00-104-86-(01)-31

(NP) ൽ ശമ്പളയിനത്തിൽ അനുവദിച്ചിട്ടുള്ളതെന്നും, നിലവിൽ ശമ്പളയിനത്തിൽ ബാക്കിയുള്ള തുക 2026 മാർച്ച് മാസത്തെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെയും ബഹു. ചെയർപേഴ്സന്റെയും കോ-ടെർമിനസ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ചെയർപേഴ്സന്റെ പേഴ്സണൽ സ്റ്റാഫുകളുടെയും ശമ്പളം വിതരണം ചെയ്യുന്നതിന് മാത്രം പര്യാപ്തമാണെന്നും, ഈ സാഹചര്യത്തിൽ ദിവസ വേതന ജീവനക്കാരുടെ 02/26, 03/26 മാസങ്ങളിലെ വേതന വിതരണം മുടങ്ങാതിരിക്കുന്നതിന് 8,43,000/- രൂപ കൂടി 2401-00-104-96-(01)-31 (NP) ശീർഷകത്തിൽ അധിക തുക വകയിരുത്തൽ മുഖേന അനുവദിക്കണമെന്നും പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No.701011400000151-ലേയ്ക്ക് മാറ്റി നൽകുന്നതിനുള്ള അനുമതിയും കൂടി നൽകണമെന്നും കമ്മീഷൻ സെക്രട്ടറി പരാമർശം (6) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (7) ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2401-00-104-86-01-31-NV ശീർഷകത്തിൽ 8,43,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തു.

(4) കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2025-26 വർഷത്തെ വേതന വിതരണത്തിനായി 2401-00-104-86-01-31-NV ശമ്പള ശീർഷകത്തിൽ പരാമർശം 7ലെ സർക്കാർ ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി അനുവദിച്ച 8,43,000/- രൂപ (എട്ട് ലക്ഷത്തി നാൽപത്തി മൂവായിരം രൂപ ) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി വിതരണം ചെയ്യുന്ന തിനും തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No.701011400000151 ലേയ്ക്ക് മാറ്റി നൽകുന്നതിനും കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ധനകാര്യ വകുപ്പിന്റെ 17/03/2026 തീയതിയിലെ 3451010/Agri-C1/78/2025-FIN-Part(1) നമ്പർ റിമാർക്സ് പ്രകാരം)
സഹകരണ വകുപ്പ്/വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by Vineesh Kumar G
Date: 18-03-2026 20:51:49